**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5050** **01-11-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2021-22 സാമ്പത്തിക വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അഴീക്കൽ തുറമുഖ വികസനത്തിനായി 3.50 കോടി രൂപയും, ബേപ്പൂർ തുറമുഖ വികസനത്തിനായി 14.93 കോടി രൂപയും, കൊല്ലം തുറമുഖ വികസനത്തിനായി 10 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. അഴീക്കലിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖങ്ങളുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളത് വിശദീകരിക്കാമോ; | (ബി) | തുറമുഖങ്ങളുടെയും കപ്പൽ ചാനലുകളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തികൾ, ISPS സുരക്ഷാസംവിധാനങ്ങൾ, ശുദ്ധജല പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്തെ തുറമുഖങ്ങളിൽ കണ്ടെയ്നർ ഓപ്പറേഷൻ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | തുറമുഖം വഴിയുള്ള ചരക്ക് നീക്കം കൂടുതൽ തുറമുഖങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. കപ്പൽ വഴിയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി Incentive scheme നടപ്പിലാക്കി വരുന്നു. കൂടുതൽ കച്ചവടക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനായി incentive ന്റെ 20% എങ്കിലും കച്ചവടക്കാർക്ക് നല്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ചരക്ക് നീക്കം പരിപോഷിപ്പിക്കുന്നതിനായി എല്ലാ stake holders ഉം ഉൾപ്പെട്ട trade meet കൾ കേരള മാരിടൈം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ചരക്ക് നീക്കം സുഗമമാക്കുന്നതിനായി കൂടുതൽ സമയം തുറമുഖങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനായി shift സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ